# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2722 12.02.2019 -ലെ മറുപടി

## മൂത്തേത്ത് കോളനിയിലെ കടിവെള്ളക്ഷാമം

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

മറുപടി

കെ. കൃഷ്ണൻകുട്ടി
(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കരുനാഗപ്പള്ളി നഗരസഭയിലെ മൂത്തേത്ത് കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2017-18 ലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കുഴൽ കിണർ നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | എ) യും ബി) യും സി) യും | കരുനാഗപ്പള്ളി നഗരസഭയിലെ മൂത്തേത്ത് കടവ് കോളനിയിൽ ട്യൂബ് വെൽ നിർമ്മിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ട്യൂബ് വെൽ നിർമ്മാണത്തിന് ഭൂജലവകുപ്പ് കൊല്ലം ജില്ലാ ഓഫീസ് മുഖേന 13.09.2018 -ൽ ഫീസിബിലിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ചവറ, കരുനാഗപ്പള്ളി, കലശേഖരപുരം പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തികൾക്ക് സമീപ കാലങ്ങളിൽ ദർഘാസ് ക്ഷണിക്കുകയുണ്ടായെങ്കിലും കരാറുകാരുടെ വിമുഖത മൂലം അത്തരം പ്രവൃത്തികൾ ഒന്നും തന്നെ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ടി ട്യൂബ് വെൽ നിർമ്മാണം ഭൂജലവകുപ്പിനെ ഏൽപ്പിക്കാനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പ്രായോഗിക തടസ്സങ്ങളുണ്ടോ; വിശദീകരിക്കാമോ; | | |
| സി) | പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ